# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുത്തോലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി7-1759/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 07/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുത്തോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി7-1759/23 തീയ്യതി: 07/12/2023

## കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 05-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി ആർ, ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രൺജിത്ത് ജി മീനാഭവൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രാജീവ് വി കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രീത എൻ പി | അസിസ്റ്റന്റ് എഞ്ചിനീയർ (എംപ്ലോയ്മെന്റ്) | 01-04-2022 | 23-05-2022 |
| രമ്യ റ്റി എൻ | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻചാർജ്ജ്) | 24-05-2022 | 27-06-2022 |
| ഗ്രീഷ്മ ജി | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻചാർജ്ജ്) | 28-06-2022 | 29-07-2022 |
| അശ്വതി അജിത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| ഡോ. ജിൻറു ഫിലിപ്പ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 31-03-2023 |
| ഡോ. സ്മിത പി ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 05-03-2023 |
| ഡോ. ട്രീസ മേരി ടോം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 06-03-2023 | 31-03-2023 |
| റാണി എലിസബത്ത് ജോസഫ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ദീപ മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2022 | 31-03-2023 |
| രാജി കെ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2022 | 31-03-2023 |
| സിബി സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 01-04-2022 | 31-05-2022 |
| പ്രവീൺ കെ | കൃഷി ഓഫീസർ (ഇൻ ചാർജ്ജ്) | 01-06-2022 | 30-11-2022 |
| അഖിൽ കെ രാജ് | കൃഷി ഓഫീസർ (ഇൻ ചാർജ്ജ്) | 01-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| രേവതിക്കുട്ടി കെ ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ഷിമി രാജൻ | വെറ്റിനറി സർജൻ | 01-04-2022 | 17-04-2022 |
| ഡോ. ആതിര പ്രകാശ് | വെറ്റിനറി സർജൻ | 18-04-2022 | 31-03-2023 |
| ശ്രീകല കെ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 06-01-2023 |
| മിനി കുമാരി പി എൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 07-01-2023 | 31-03-2023 |
| സജി റ്റി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-04-2022 |
| ഗീത കെ ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-05-2022 | 30-09-2022 |
| സന്ദീപ് സദൻ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 01-10-2022 | 07-12-2022 |
| സുജ എം യു | അസിസ്റ്റന്റ് സെക്രട്ടറി | 08-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-4 |
| 6 | ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമല്ല. | 1-1-7 |
| 9 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | രജിസ്റ്ററുകളിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് എഴുതി സൂക്ഷിക്കുന്നില്ല. | 1-1-10 |
| 12 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭ്യമായത് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-11 |
| 13 | മിച്ചം നിൽക്കുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല. | 1-1-12 |
| 14 | ഡെപ്പോസിറ്റ് തുക അതാത് ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതിഅവലോകനം. | 1-5 |
| 19 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | സാമൂഹ്യക്ഷേമപദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 24 | അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ രസീത് ബുക്ക് എഴുതിയതിലെ അപാകതകൾ | 1-11 |
| 25 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-12 |
| 26 | ചെലവഴിക്കാതെ തിരികെ ലഭ്യമായ ഗ്രാന്റ് തുക സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. | 1-13 |
| 27 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു | 1-14 |
| 28 | ഒരേ കെട്ടിടത്തിലെ മുറികൾക്ക്/സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-15 |
| 29 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-16 |
| 30 | മേഖലകളെ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-17 |
| 31 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-18 |
| 32 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-19 |
| 33 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-20 |
| 34 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-21 |
| 35 | അധിക വിഭവ സമാഹരണം | 1-22 |
| 36 | കെ യു ആർ ഡി എഫ് സി ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള തുകയേക്കാൾ കൂടുതൽ തുക ജി ഒ പ്രോജക്ട് ഇനത്തിൽ തിരിച്ചടച്ചു. | 1-23 |
| 37 | തെരുവ് വിളക്ക് പരിപാലനം കൂലി ചെലവ് - പ്രോജക്ട് നടത്തിപ്പിൽ അപാകത | 1-24 |
| 38 | തെരുവ് വിളക്ക് ഫിറ്റിംഗ്സ് വാങ്ങൽ- പ്രോജക്ട് സംബന്ധിച്ച് | 1-25 |
| 39 | അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. | 1-26 |
| 40 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത റിക്കവറി തുകകൾ ഒടുക്കിയിട്ടില്ല. | 1-27 |
| 41 | റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല. | 1-28 |
| 42 | കടപ്പാട്ടൂർ അങ്കണവാടിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. | 1-29 |
| 43 | പടിഞ്ഞാറ്റിൻകര അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം- അപാകതകൾ | 1-30 |
| 44 | ദീർഘകാലമായി ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നു | 1-31 |
| 45 | ഭവനപുനരുദ്ധാരണ പ്രോജക്ട് തുക അനുവദിച്ച കെട്ടിടത്തിന്റെ കാലപ്പഴക്കം | 1-32 |

| | | |
|---|---|---|
| | സംബന്ധിച്ച് സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റിൽ അപാകത. | |
| 46 | മരുന്ന് ലഭ്യമായിട്ടില്ല - 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 47 | ഒടുക്കിയ തുകയുടെ മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-34 |
| 48 | കന്നുകുട്ടി പരിപാലന പ്രോജക്ടുകൾ നടപ്പായില്ല- ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-35 |
| 49 | പേവിഷബാധ നിയന്ത്രണം- വാക്സിനേഷൻ നൽകിയ നായകൾക്ക് ലൈസൻസ് നൽകിയിട്ടില്ല. | 1-36 |
| 50 | വിനിയോഗ/പൂർത്തികരണ വിവരങ്ങൾ ലഭ്യമല്ല | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെരുവ് വിളക്ക് പരിപാലനം കൂലി ചെലവ്- പ്രോജക്ട് നടത്തിപ്പിൽ അപാകത. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.06.2023 തീയതിയിലെ 2-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 30.06.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കിനൊപ്പം പഞ്ചായത്ത് ജനറൽ ഫണ്ട്, അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

1-1-4 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. ജനറൽ ഫണ്ട് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-5 ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല.

സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-7 ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമല്ല.

ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന് ലഭ്യമാകാനുള്ള കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-9 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

1) വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2) ഗുണഭോക്തൃവിഹിതം യഥാർത്ഥ വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-1-10 രജിസ്റ്ററുകളിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് എഴുതി സൂക്ഷിക്കുന്നില്ല.

1. ലൈസൻസ് രജിസ്റ്ററിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. തൊഴിൽ നികുതി രജിസ്റ്ററിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-1-11 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭ്യമായത് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു

ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied Fund ഇനത്തിൽ ലഭ്യമായ ഒരു ഗഡു തുകയായ 1418500/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് – Basic Tax Grant തുകയുടെ ശീർഷകമായ 320200113 ലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഇത് ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied Fund ശീർഷകമായ 320200113 ലാണ് അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്.

1-1-12 മിച്ചം നിൽക്കുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻകാലങ്ങളിൽ ലഭ്യമായി ചെലവഴിക്കാതെ 320700104, 320700204, 320700205, 320700305, 320700404 എന്നീ ഹെഡുകളിൽ അവശേഷിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

1-1-13 ഡെപ്പോസിറ്റ് തുക അതാത് ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല.

പ്രോജക്ട് നം.17 /22-23, നാലാം വാർഡിൽ വിവിധ സ്ഥലത്ത് സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ എന്ന പ്രോജക്ട് പ്രകാരം കെ എസ് ഇ ബിയിൽ നിക്ഷേപിച്ച 145000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) വാർഷിക ധനകാര്യ പത്രികയിൽ B 18 ഷെഡ്യൂളിൽ 460500202 – Advance To Implementing Agencies – Deposit With Kerala Electricity Board എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 30.03.2022 ലെ II/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 18.03.2023 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 10416102.00 | 10377000.00 |
| വരവ് | 155106400.00 | 141720400.00 |
| ആകെ | 165522502.00 | 152097400.00 |
| ചെലവ് | 142468000.00 | 121935661.00 |
| നീക്കിയിരിപ്പ് | 23054502.00 | 30161739.00 |

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 36371516.43 |
| ഓഡിറ്റ് വർഷത്തെ വരവ് | 34323009.00 |
| ആകെ | 70694525.43 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 35896721.00 |
| നീക്കിയിരിപ്പ് | 34797804.43 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 88464052.00 |
| ആകെ ചെലവ് | 84267817.00 |
| പ്രവർത്തന നഷ്ടം | 4196235.00 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 31669.00 |
| അറ്റ പ്രവർത്തന നഷ്ടം | 4227904.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 22280 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1234504 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10877000 | 10877000 | 9448428 | 1428572 | 86.86 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4526000 | 4526000 | 3990288 | 535712 | 88.16 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9825000 | 9825000 | 2030309 | 7794691 | 20.66 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4570000 | 4570000 | 3422785 | 1147215 | 74.89 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 515512 | 2130282 | 2645794 | 1384535 | 1261259 | 52..32 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 1513680 | 3224184 | 4737864 | 2888204 | 1849660 | 60.96 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 11074 | 8101683 | 8112757 | 8104653 | 8104 | 99.90 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 218615 | 611302 | 829917 | 500000 | 329917 | 60.24 |
| ടോട്ടൽ സാനിട്ടേഷൻ | 757228 | 0 | 757228 | 687082 | 70416 | 90.73 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1118764/-രൂപ, 113749/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയി ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 218/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 187082 | വികസനഫണ്ട് പൊതുവിഭാഗം |
| 221/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 187082 | വികസനഫണ്ട് പൊതുവിഭാഗം |
| 217/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 248200 | വികസനഫണ്ട് പൊതുവിഭാഗം |
| 219/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 248200 | വികസനഫണ്ട് പൊതുവിഭാഗം |
| 220/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 248200 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1118764 | |
| 211/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 56874 | വികസനഫണ്ട് എസ്.സി.പി. |
| 222/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 56875 | വികസനഫണ്ട് എസ്.സി.പി. |
| ആകെ | 113749 | |

## 1-5 പദ്ധതിഅവലോകനം.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.06.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 06.03.2023 ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന അംഗീകരിച്ചത് | 3(2)/ 18.12.2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 23.05.2022 |

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 26.05.2022 മുതൽ 31.05.2022 വരെ |
| ആസൂത്രണസമിതി യോഗം | 20.05.2022 |
| വികസനസെമിനാർ | 28.06.2022 |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 05.08.2022, മുതൽ 10.08.2022 വരെ |
| വികലാംഗ ഗ്രാമസഭ | 31.05.2022 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 183 | 69601207 | 108 | 32033534 | 75 | 59 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 1457000 | 2 | 907000 |
| വെറ്റിനറി സർജൻ | 8 | 2509500 | 8 | 1759517 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 13 | 3522747 | 10 | 2900291 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 325166 | 3 | 272676 |
| വി.ഇ.ഒ | 9 | 21928250 | 8 | 10023676 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 3948308 | 6 | 2704127 |
| സെക്രട്ടറി | 44 | 10777191 | 27 | 6094471 |
| അസിസ്റ്റന്റ് എൻജിനീയർ | 77 | 21540560 | 34 | 5316471 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 600000 | 1 | 515210 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 2437485 | 4 | 985095 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 5 | 555000 | 5 | 555000 |
| ആകെ | 183 | 69601207 | 108 | 32033534 |

10906190 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 10906190/-

രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 10877000 | 9448428 | 1428572 |
| വികസന ഫണ്ട് (എസ്.സി.പി) | 4526000 | 3990288 | 535712 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9825000 | 2030309 | 7794691 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4570000 | 3422785 | 1147215 |
| ആകെ | | | 10906190 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തിന് 109 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 203പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 234 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 129 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 96 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 81.04 ലക്ഷം രൂപ. 17823 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 123 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 124 അയൽക്കൂട്ടങ്ങളിൽ 114 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 278 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, തുടങ്ങിയ പ്രവൃത്തികളും തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം കോഴിക്കൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കാഷ് | 11074 | 514957 | 526031 | 517927 | 8104 |
| ഇ.എഫ്.എം.എസ് | 0 | 7586726 | 7586726 | 7586726 | 0 |
| ആകെ | 11074 | 8101683 | 8112757 | 8104653 | 8104 |

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

2022-23 വർഷം മുത്തോലി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 1 |
| വാർദ്ധക്യകാലപെൻഷൻ | 15158800 | 1443 |
| കർഷകതൊഴിലാളി പെൻഷൻ | 1288000 | 119 |
| വിധവാപെൻഷൻ | 4847200 | 453 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 349000 | 32 |
| വികലാംഗപെൻഷൻ | 1678400 | 160 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2023 ന് 3.00 പി എം ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7559/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.06.2022 – 10.06.2022 | 04/2021 മുതൽ 03/2022 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 28.01.2016 | 2010-11 മുതൽ | LBA(HQ)II/8A-2381/182 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2014-15 വരെ | തീയതി 09.03.2016 |

## 1-11 അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ രസീത് ബുക്ക് എഴുതിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്നും 2022-23 വർഷം 24614 നം രസീത് ബുക്ക് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇഷ്യു ചെയ്തിട്ടുണ്ട്. മേൽ രസീത് ബുക്കിൽ രസീത് നം. 1 മുതൽ 14 വരെ ഉപയോഗിച്ചിട്ടുണ്ട്. 5, 6, 7 രസീതുകളുടെ ഒറിജിനലിൽ കാർബൺ ഉപയോഗിച്ചാണ് എഴുതിയിരിക്കുന്നത്. 7-ാം നമ്പർ രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് ഒന്നും രേഖപ്പെടുത്താതെ രസീത് ബുക്കിലുണ്ട്. ഒറിജിനൽ രസീതുകൾ രസീത് ബുക്കിൽ സൂക്ഷിച്ചിട്ട് കാർബൺ ഉപയോഗിച്ചെഴുതിയ ഡ്യൂപ്ലിക്കേറ്റ് രസീതുകളാണ് വ്യക്തികൾക്ക് നൽകേണ്ടത്. കൂടാതെ ഡ്യൂപ്ലിക്കേറ്റ് രസീതിൽ രേഖപ്പെടുത്തൽ വരുത്താത്ത 7-ാം നമ്പർ രസീത് രസീതുബുക്കിൽ ക്യാൻസൽ ചെയ്തിട്ടില്ല. ടി രസീത് പ്രകാരം 661/- രൂപയുടെ വരവ് ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (01/07.10.2023) 4-ാം നമ്പർ രസീതിനു ശേഷം രണ്ട് ഡ്യൂപ്ലിക്കേറ്റ് രസീതുകൾ ഉണ്ടായിരുന്നതുകൊണ്ട് രണ്ടാമത്തെ 4-ാം നമ്പർ ഡ്യൂപ്ലിക്കേറ്റ് രസീത് 5-ാം നമ്പർ ഒറിജിനൽ രസീതായി കണക്കാക്കിയതാണ് അപാകതക്ക് കാരണമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇതു മൂലം ഗുണഭോക്താക്കൾക്ക് നൽകിയതും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതുമായ രസീത് നമ്പറുകളിൽ വ്യത്യാസം വന്നിട്ടുണ്ട്. രസീതുകളുടെ ഉപയോഗത്തിലുണ്ടാകുന്ന അപാകത മറ്റ് ക്രമക്കേടുകൾക്ക് കാരണമാകുന്നതിനാൽ രസീതുകളുടെ ഉപയോഗത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67396595431 നം. എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. എന്നാൽ ടി വരവുകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് IKM അക്കൗണ്ടിൽ നിന്നും ലഭിക്കുന്നതിന് മാസങ്ങളുടെ കാലതാമസം കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്നും എന്നാണ് തുക അക്കൗണ്ടിലേക്ക് വരവ് വന്നതെന്നും ട്രേസ് ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/11.10.2023) ഐ കെ എം -ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭരണസമിതി മുഖേന ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ചെലവഴിക്കാതെ തിരികെ ലഭ്യമായ ഗ്രാന്റ് തുക സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ആർ പി 35 ഷെഡ്യൂളിലെ 350400999 – Refund Of Unutilised Grants – Prior Period എന്ന ശീർഷകത്തിൽ 87310/- രൂപ വരവുണ്ട്. മേൽ ശീർഷകത്തിൽ 9660/- രൂപ മുന്നിരിപ്പുണ്ട്. ലെഡ്ജർ പ്രകാരം ഐ റ്റി മിഷനിൽ നിന്നും 23305/- രൂപയും കെൽട്രോണിൽ നിന്ന് 64005/- രൂപയും തിരികെ ലഭ്യമായിട്ടുണ്ട്. മേൽ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ (പ്രോജക്ട്, ഫണ്ട്) ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/09.10.2023) 23305/- രൂപ പ്രോജക്ട് നം. 8/21-22 പ്രകാരം മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) – ൽ നിന്നും CPCRCS-ൽ അടച്ച തുക തിരികെ ലഭിച്ചതും 64005/- രൂപ

പ്രോജക്ട് നം. 120/19-20 പ്രകാരം മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)-ൽ നിന്നും കെൽട്രോണിലേക്ക് അധികമായി അടച്ച തുക തിരികെ ലഭിച്ചതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ തുകകൾ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. തുകകൾ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 45 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60 രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ഇപ്രകാരം കണക്കാക്കിയതു മൂലം സ്ഥാപനത്തിന് നികുതി നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (60 രൂപ/ ച.മീ) | നിർണ്ണയിച്ച അടിസ്ഥാന നികുതി (45 രൂപ/ ച.മീ) | അടിസ്ഥാന വസ്തു നികുതിയിലെ കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സാജു ജി ഇടച്ചേരിൽ | 6/79 B- 20.18 ച.മീ, 6/79 C- 20.18 ച.മീ, 6/79 D- 20.18 ച.മീ, 6/79 E- 22.55 ച.മീ, 6/79 F- 22.55 ച.മീ, 6/79 G- 22.55 ച.മീ, | 128.19 | 7692 | 5769 | 1923 |

ഇപ്രകാരം ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പരുകൾ നല്കി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/10.10.23) വസ്തു നികുതിയിലെ കുറവ് പ്രസ്തുത വ്യക്തിയിൽ നിന്ന് ഈടാക്കി വിവരമറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഓരോ കെട്ടിട നമ്പരിനും നികുതി പുനർ നിർണ്ണയിച്ച് പഞ്ചായത്തിന് ധനനഷ്ടം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ഒരേ കെട്ടിടത്തിലെ മുറികൾക്ക്/സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം (നികുതിയിളവ് ഇല്ല), ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20% നികുതി ഇളവ്) എന്നീ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയർ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ തന്നെ ഒരേ കെട്ടിടത്തിലെ വിവിധ മുറികളെ/സമീപകെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽപെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | മേഖല |
|---|---|---|
| എം.ജെ. ജോസഫ് | 13/236 A | ദ്വിതീയം |
| | 13/236 B | ത്രിതീയം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/10.10.23) ഡാറ്റ എൻട്രിയിലെ പിശക് മൂലമാണ് പ്രസ്തുത അപാകത സംഭവിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. സഞ്ചയ ഡാറ്റാ എൻട്രിയിൽ സമാനമായ അപാകതകൾ സംഭവിച്ചിട്ടില്ലയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതോടൊപ്പം മേൽ അപാകത പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-16 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ‘ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20% നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10% നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്)' എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 11/299 A | ടി ആർ സുരേന്ദ്രൻ | മുത്തോലി - ചേർപ്പുങ്കൽ ജില്ല റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | 11/299 C | ഡെറ്റി തോമസ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇപ്രകാരം ഒരേ റോഡ് തന്നെ വിവിധ രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/10.10.23) ആയത് സഞ്ചയ ഡാറ്റാ എൻട്രിയിലെ പിശകുമൂലം സംഭവിച്ച അപാകതയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഡാറ്റാ എൻട്രിയിൽ സമാനമായ അപാകതകൾ സംഭവിച്ചിട്ടില്ലയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി വിവരമറിയിക്കേണ്ടതാണ്.

1-17 മേഖലകളെ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ മേഖലകളെ സംബന്ധിച്ച വാർഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/10.10.23) വാർഡ് മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-18 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(20/11.10.2023) ലിസ്റ്റിൽ കുറച്ച് സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതായി മറുപടി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുത്തോലി | 2 |
| 2 | NABFINS ലിമിറ്റഡ് | 2 |
| 3 | കാനറ ബാങ്ക് | 1, 2 |
| 4 | കള്ള് ഷാപ്പ് നം. 9, മേവട | 1, 2 |
| 5 | കള്ള് ഷാപ്പ് നം. 8, നെയ്യൂർ | 1, 2 |
| 6 | മുത്തോലി ക്ഷീരോല്പാദക കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിൽ 2022-23 വർഷം പഞ്ചായത്ത് പരിധിയിലെ കരാറുകാർ, റേഷൻ വ്യാപാരികൾ മുതലായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/11.10.2023) തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1) 1996-ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 56 പ്രകാരം ധാന്യങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 132 പ്രകാരം പാലും പാലുൽപ്പന്നങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവ ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. മുത്തോലി ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ, ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ, ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

2) വസ്തു നികുതി നിർണ്ണയത്തിനായുള്ള സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യ- വ്യവസായ, ഓഫീസ് ആവശ്യങ്ങൾക്കായി 746 കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 195 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/11.10.2023) എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ചട്ടലംഘനവും പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാക്കുന്നതുമാകയാൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-21 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല.

1. മുത്തോലി പഞ്ചായത്ത് പരിധിയിൽ 2022-23 വർഷം താഴെപ്പറയുന്ന സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

A) വൈകുണ്ഠമഠം വൈദ്യശാല

B) പുതുശ്ശേരി ആയുർവേദിക് & വെൽനെസ് സെന്റർ

2. ചിദംബരം ആയുർവേദ-യോഗ ചികിത്സാകേന്ദ്രം എന്ന സ്ഥാപനം ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/10.10.2023) മേൽ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 അധിക വിഭവ സമാഹരണം

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162--ാം വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനമായ വസ്തു നികുതി, മറ്റു വരവിനങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. സ.ഉ.(കൈ) നം.77/2023/ എൽ.എസ്.ജി.ഡി തീയതി 22.3.23 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 25.09.23ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 1/1). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 01.04.2023 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം 29.09.2023ൽ പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിച്ചു. 28.10.2023 വരെ ആക്ഷേപം സ്വീകരിക്കുന്നതിന് സമയം അനുവദിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മേഖല, റോഡ് എന്നിവയുടെ തരംതിരിവും അതിർത്തികൾ നിശ്ചയിക്കലും നടപ്പാക്കുന്നതിനും റോഡ് മാപ്പ് കൃത്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണസമിതി 29.09.2023 ൽ തീരുമാനമെടുത്തിട്ടുണ്ട്.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിലും

അപൂർണ്ണമാണ്. അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവരൊന്നും ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല.

വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും മുഴുവൻ സ്ഥാപനങ്ങളും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 195 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 286 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 746 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 കെ യു ആർ ഡി എഫ് സി ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള തുകയേക്കാൾ കൂടുതൽ തുക ജി ഒ പ്രോജക്ട് ഇനത്തിൽ തിരിച്ചടച്ചു.

2021-22 വർഷാവസാനം 31.03.2022 ൽ കെ യു ആർ ഡി എഫ് സി ലോൺ ബാദ്ധ്യത ഇനത്തിൽ 300143/- രൂപയാണ് അവശേഷിച്ചിരുന്നത്. എന്നാൽ 2022-23 വർഷം 218/22-23, ലൈഫ് പദ്ധതി – ജനറൽ – 187082/-, 221/22-23, ലൈഫ് പദ്ധതി – ജനറൽ – 187082/-, 211/22-23, ലൈഫ് പദ്ധതി – എസ് സി പി – 56874/-, 222/22-23, ലൈഫ് പദ്ധതി – എസ് സി പി – 56875/- എന്നിങ്ങനെ ആകെ 487913/- രൂപ ജി ഒ പ്രോജക്ട് ഇനത്തിൽ കുറവ് ചെയ്തിട്ടുണ്ട്. കൂടുതലായി തിരിച്ചടച്ച 187770/- രൂപ തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/11.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലോൺ തുകയേക്കാൾ കൂടുതലായി അടവാക്കിയ തുക കെ യു ആർ ഡി എഫ് സി-യിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

### 1-24 തെരുവ് വിളക്ക് പരിപാലനം കൂലി ചെലവ് - പ്രോജക്ട് നടത്തിപ്പിൽ അപാകത

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് പരിപാലനം കൂലി ചെലവ് എന്ന പ്രോജക്ട് (നമ്പർ 147/23) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 132106/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിനായി ക്വട്ടേഷൻ (എ2- 03/22- 14.10.22) ക്ഷണിച്ചത് പ്രകാരം ലഭ്യമായ ക്വട്ടേഷനുകളിൽ കുറവ് (89 രൂപ) രേഖപ്പെടുത്തിയ കോയിക്കൽ ഇലക്ട്രിക്കൽസ് ചേർപ്പുങ്കൽ എന്ന സ്ഥാപനത്തെയാണ് അംഗീകരിച്ചത്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനത്തിന്റെ 27.03.23 തീയതിയിലെ B2B/54 നമ്പർ ബിൽ പ്രകാരം 487 തെരുവ് വിളക്കുകൾ നന്നാക്കിയതിന് തെരുവ് വിളക്ക് ഒന്നിന് 95 രൂപ നിരക്കിൽ 46265 രൂപ അനുവദിച്ചിട്ടുണ്ട്. തൻവർഷം അംഗീകരിച്ച 89 രൂപ നിരക്കിൽ അധികമായി തുക നൽകിയതുമൂലം ലൈറ്റ് ഒന്നിന് 6/- രൂപ പ്രകാരം 487 ലൈറ്റിന് 2922/- രൂപ അധികം അനുവദിച്ചിട്ടുണ്ട്.

2) സ്ഥാപനത്തിന്റെ 27.03.23 തീയതിയിലെ B2B/52 നമ്പർ ബിൽ പ്രകാരം 747 തെരുവ് വിളക്കുകൾ നന്നാക്കിയതിന് തെരുവ് വിളക്ക് ഒന്നിന് 255 രൂപ നിരക്കിലാണ് ബിൽ ഹാജരാക്കിയിരുന്നതെങ്കിലും 85841/- രൂപ മാത്രമാണ് തൻവർഷം കരാറുകാരന് അനുവദിച്ചത്. 747 തെരുവ് വിളക്കുകൾ നന്നാക്കിയതിന് കരാർ പ്രകാരം തെരുവ് വിളക്ക് ഒന്നിന് 89 രൂപ നിരക്കിൽ 66483/- രൂപയാണ് അനുവദിക്കാവുന്നത്. ഇത് പ്രകാരം പ്രസ്തുത ബില്ലിൽ 19358/- (85841 – 66483) രൂപ അധികം അനുവദിച്ചിട്ടുണ്ട്.

3) ഓരോ വാർഡിലെയും കേടായ തെരുവ് വിളക്കുകളുടെ കണക്ക് എടുത്ത് ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും കരാറുകാരനെ അറിയിക്കുകയും മെയിന്റനൻസ് നടത്തുകയുമാണ് ചെയ്യേണ്ടത്. എന്നാൽ കരാറുകാരൻ തന്നെ മെയിന്റനൻസ് നടത്തിയതായി അറിയിക്കുകയും ആയത് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

4) പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ (പേജ് 92) പ്രകാരം വിതരണം ചെയ്ത സാധനങ്ങളുടെ എണ്ണവും ആകെ മെയിന്റനൻസ് നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ ഇനങ്ങളിലായി 1145 എണ്ണം ഉപകരണങ്ങൾ സ്റ്റോക്ക് ഉണ്ടായിരുന്നു. ഇതിൽ 857 എണ്ണം സാധനങ്ങളാണ് കരാറുകാരന് കൈമാറിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കരാറുകാരൻ ആകെ 1234 (487+747) തെരുവ് വിളക്കുകൾ മെയിന്റനൻസ് ചെയ്തതിന്റെ തുക കൈപ്പറ്റിയിട്ടുണ്ട്. സ്റ്റോക്കിൽ ചേർത്തിട്ടുള്ള സാധനങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാധനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ് എന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 30/11.10.23) മറുപടി ലഭ്യമാക്കിയില്ല. സാധനങ്ങൾ വിതരണം ചെയ്തിട്ടുള്ളതും, മെയിന്റനൻസ് കരാർ ഏറ്റെടുത്തിട്ടുള്ളതും ഒരേ കരാറുകാരനാണ്. ഇതിനാൽ തന്നെ വാങ്ങിയ സാധനങ്ങൾ പഞ്ചായത്തിൽ എത്തിക്കാതെ കരാറുകാരൻ കൈവശം വച്ച് ഉപയോഗിക്കുകയാണ് ചെയ്തത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

എൽ ഇ ഡി ബൾബുകൾക്കും മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾക്കും പരമാവധി ഒരുവർഷം വരെയാണ് വാറണ്ടി ലഭിക്കുക. പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ആവശ്യകതാ നിർണ്ണയം നടത്താതെ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയിട്ടുള്ളതായി കണ്ടു. തൻവർഷം ഉപയോഗിക്കുന്നതിലും അധികമായി വാങ്ങുന്ന സാധനങ്ങളുടെ വാറണ്ടി സാധനങ്ങൾ ഉപയോഗിക്കുന്നതിന് മുൻപേ നഷ്ടപ്പെടുന്നു. 2022-23 സാമ്പത്തിക വർഷം ഉപയോഗിച്ച സാധനങ്ങൾ ഇപ്രകാരം വാറണ്ടി നഷ്ടപ്പെട്ടവയാണ്. ആവശ്യകതാനിർണ്ണയം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം വാങ്ങലുകൾ നടത്തേണ്ടതും, വാങ്ങുന്ന സാധനങ്ങൾ പഞ്ചായത്തിൽ സ്റ്റോക്ക് ചെയ്ത് ആവശ്യത്തിനനുസരിച്ച് മാത്രം വിതരണം നടത്തേണ്ടതുമാണ്. കരാറുകാരന് ആകെ അനുവദിക്കാവുന്നത് 27.03.23 തീയതിയിലെ B2B/54 നമ്പർ ബിൽ പ്രകാരം 487 തെരുവ് വിളക്കുകൾ നന്നാക്കിയതിന് 43343/- രൂപയും 27.03.23 തീയതിയിലെ B2B/52 നമ്പർ ബിൽ പ്രകാരം 747 തെരുവ് വിളക്കുകൾ നന്നാക്കിയതിന് 66483/- രൂപയും ഉൾപ്പെടെ ആകെ 109826/- രൂപ മാത്രമാണ്. എന്നാൽ കരാറുകാരന് അനുവദിച്ചത് 132106/- രൂപയാണ്. കരാറുകാരന് അധികമായി അനുവദിച്ച 22280/- (132106- 109826) രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-25 തെരുവ് വിളക്ക് ഫിറ്റിംഗ്സ് വാങ്ങൽ- പ്രോജക്ട് സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് ഫിറ്റിംഗ്സ് വാങ്ങൽ എന്ന പ്രോജക്ട് (നമ്പർ 191/23) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 20000/- രൂപ (വൗച്ചർ നമ്പർ XVFC/22-23 /P/80/22.2.23) ചെലവഴിച്ചിട്ടുണ്ട്. പി എച്ച് സി ഇടത്തേട്ട് അമ്പലം - ആലിക്കുന്ന് റോഡ് പി എച്ച് സി മക്കുതറ റോഡ് എന്നിവിടങ്ങളിലെ തെരുവ് വിളക്കുകൾക്ക് ആവശ്യമായ എൽ ഇ ഡി ബൾബ്, ജി ഐ ക്ലാമ്പ്, നട്ട്, ബോൾട്ട്, എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടിനായി ക്വട്ടേഷൻ (എ2- 1200/22-12.12.22) ക്ഷണിച്ചത് പ്രകാരം തെരുവ് വിളക്ക് ഫിറ്റിംഗ്സിനുള്ള ജി ഐ ക്ലാമ്പ്, നട്ട്, ബോൾട്ട്, 9Wഎൽ ഇ ഡി ബൾബ്, ഒരു യൂണിറ്റിനുള്ള എഐ വയർ എന്നിവയുടെ വില ക്വോട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടിരുന്നത്. ലഭിച്ച ക്വട്ടേഷനുകളിൽ ഒരു യൂണിറ്റിന് 800/- രൂപ ക്വോട്ട് ചെയ്ത തോട്ടാപ്പള്ളിൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. എന്നാൽ കണ്ടത്തിൻ ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രകാരം ജി ഐ ക്ലാമ്പ്, നട്ട്,

ബോൾട്ട് എന്നിവയ്ക്ക് 279/രൂപയും, 9Wഎൽ ഇ ഡി ബൾബിന് 69/- രൂപയും, അലൂമിനിയം വയർ ഒരു കോയിലിന് 1260/- രൂപയുമാണ് ക്വോട്ട് ചെയ്തിരുന്നത്. ഒരു കോയിൽ വയർ എന്നാൽ 90മീറ്റർ ഉണ്ട് എന്നിരിക്കെ സ്വീകരിച്ച ക്വട്ടേഷനേക്കാൾ കുറഞ്ഞ നിരക്കാണ് കണ്ടത്തിൻ ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. പ്രസ്തുത ക്വട്ടേഷൻ പരിഗണിക്കാതിരുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പ്രസ്താവിച്ച വാങ്ങൽ നടത്തിയിട്ടുള്ളതായും സാധനങ്ങൾ നീക്കിയിരിപ്പുള്ളതായും കാണുന്നു. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/11.10.23ന് മറുപടി ലഭ്യമാക്കിയില്ല. വാങ്ങിയ സാധനങ്ങൾ തുടർ വർഷങ്ങളിൽ ഉപയോഗിച്ചതിന്റെ വിവരങ്ങളും ഫയലിൽ ഇല്ല. വാങ്ങൽ പ്രക്രിയകൾ നടപടിക്രമങ്ങൾ പാലിച്ച് സൂക്ഷ്മതയോടുകൂടി നടത്തേണ്ടതും, ആവശ്യാനുസരണം മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-26 അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

മുത്തോലി ഗ്രാമ പഞ്ചായത്തിലെ LID & EW സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ എസ്.ബി.ഐ. മുത്തോലി ബ്രാഞ്ചിൽ കറന്റ് അക്കൗണ്ട് ഉള്ളതായി കാണുന്നു (അക്കൗണ്ട് നം. 37133971172 ). ഈ അക്കൗണ്ടിൽ 4.10.2023 ൽ 138775 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഈ തുക ഏതേത് ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 6/9.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഉടൻ തന്നെ ബന്ധപ്പെട്ട വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. തുകകൾ ബന്ധപ്പെട്ട വ്യക്തികൾ/സ്ഥാപനങ്ങൾക്ക് നൽകി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത റിക്കവറി തുകകൾ ഒടുക്കിയിട്ടില്ല.

മുത്തോലി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബിൽ തുക ചെക്ക് പ്രകാരം അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ നൽകിയിട്ടുണ്ട്. ഈ തുക അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ എസ്.ബി.ഐ.യുടെ മുത്തോലി ശാഖയിലുള്ള 37133971172-ാം നമ്പർ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിനുശേഷം റിക്കവറി തുകകൾ കുറവ് ചെയ്ത് ബാക്കി തുക കരാറുകാർക്ക് നൽകിയതായി കാണുന്നു. എന്നാൽ റിക്കവറികൾ അതാത് സ്ഥാപനങ്ങളിലേക്ക് ഒടുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് തുക/ ഫണ്ടിനം | ചെക്ക് നം/ തീയതി | റിക്കവറി തുകകൾ | കരാറുകാരന് നൽകിയ തുക, ചെക്ക് നം/ തീയതി |
|---|---|---|---|---|
| 59/23 ടേക്ക് എ ബ്രേക്ക് മെയിന്റനൻസ് | 187082 (കേന്ദ്രാവിഷ്കൃത ഫണ്ട്) | 772297/ 31.3.23 | IT- 1585 CGST- 1585 SGST- 1585 WF- 1585 Fine- 3170 | 177572, 430625/ 11.4.23 |
| 69/23 ഗ്രാമ | 305526, (തനത് ഫണ്ട് | 778074/ 25.3.23 | IT- 2589 CGST- | 292581, 430621/ |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് ചുറ്റമതിൽ പൂർത്തീകരണം | ) | | 2589 SGST- 2589 WF- 2589 Fine- 2589 | 27.3.23 | |

റിക്കവറികൾ അതാത് സ്ഥാപനങ്ങളിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 5/9.10.2023-ാം നമ്പർ ഓഡിറ്റ്എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ റിക്കവറികൾ ഉടൻ തന്നെ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. റിക്കവറികൾ അതാത് സ്ഥാപനങ്ങളിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല.

മുത്തോലി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിരുന്നില്ല.
കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ ബാരലൊന്നിന് 238/-രൂപ പ്രകാരവും 18% ജി.എസ്.റ്റിയും ഈടാക്കാവുന്നതാണ്.

| ക്രമ നം | പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | 115/23 മരിയൻ മണലേൽ റോഡ് മെയിന്റനൻസ് കണ്ണമറ്റം പാലം. കരാറുകാരൻ- നിസാർ ടി. എ, തെക്കക്കര, പെരുമ്പള്ളിച്ചിറ | 21 | ബാരൽ വില 4998/- ജി.എസ്.ടി 18%- 900/- |
| 2 | തോപ്പിൽ ജംഗ്ഷൻ പന്തത്തല റോഡ് മെയിന്റനൻസ്. കരാറുകാരൻ- നിസാർ ടി. എ, തെക്കക്കര, പെരുമ്പള്ളിച്ചിറ | 21 | ബാരൽ വില 4998/- ജി.എസ്.ടി 18%- 900/- |
| | ആകെ | | ബാരൽ വില 9996/- |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി 18%- 1800/- |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 11/10.10.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി പ്രവൃത്തികൾ നിർവ്വഹിച്ച കാരാറുകാരന് ടെണ്ടർ എക്സസ് തുക കൊടുക്കാനുണ്ട് എന്നും ബാരൽവില അതിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും അറിയിച്ചു. ബാരൽവിലയും ജി.എസ്.ടിയും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 കടപ്പാട്ടൂർ അങ്കണവാടിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് നം. 66/23
അടങ്കൽ- 495000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം )
ചെലവ്- 247568 രൂപ ( ബിൽ നം. 9/22-23/ 8.6.22 )
കൺവീനർ- ശ്രീ. സുരേന്ദ്രകൈമൾ,

കടപ്പാട്ടൂർ അങ്കണവാടിയുടെ മുകൾ നിലയിൽ ഹാൾ നിർമ്മിക്കുന്നതിനാണ് പ്രോജക്ട് ഏറ്റെടുത്തത്. എസ്റ്റിമേറ്റ് പ്രകാരം അങ്കണവാടിയുടെ മുകളിൽ പില്ലർ, ബീം എന്നിവ വാർത്ത് അതിന് മുകളിൽ റൂഫ് ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഫയൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ ബീം വരെയുള്ള പണികൾ ചെയ്തതിന്റെ അളവുകൾ രേഖപ്പെടുത്തി ഒന്നാം പാർട്ട് ബില്ലായി 247568 രൂപ ചെലവായിട്ടുണ്ട്. ഹാൾ നിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 31/13.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ നിലവിൽ ഹാളിന്റെ റൂഫ് വാർക്ക കഴിഞ്ഞു എന്നും ബാക്കി പണികൾ ചെയ്യുന്നതിന് 500000 രൂപ വകയിരുത്തി 2023-24 ൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട് എന്നും അറിയിച്ചു. പ്രവൃത്തി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 247568 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 പടിഞ്ഞാറ്റിൻകര അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം- അപാകതകൾ

മുത്തോലി ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറ്റിൻകര അങ്കണവാടിയുടെ (നം. 88 ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 2022-23 ൽ രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതി വഴിയാണ് രണ്ട് പ്രോജക്ടുകളും നടപ്പാക്കിയത്. വിശദാശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നം. 51/23
പടിഞ്ഞാറ്റിൻകര അങ്കണവാടി ചുറ്റുമതിൽ നിർമ്മാണവും അടിസ്ഥാന സൗകര്യവും
അടങ്കൽ- 210000 രൂപ ( 200000- മെയിന്റനൻസ് ഫണ്ട് റോഡിതരം + 10000- തനത് ഫണ്ട് )
ചെലവ്- 110276 രൂപ, മെയിന്റനൻസ് ഫണ്ട് റോഡിതരം ( ബിൽ നം. 15/22-23/19.9.22 )
കൺവീനർ- ശ്രീ. പി. കെ. തോമസ്, പൂവത്തുങ്കൽ
അങ്കണവാടിയുടെ പുറകുവശവും വലത് വശവും കല്ല് കെട്ടി മണ്ണ് ഫില്ലിംഗ് നടത്തുന്നതിനാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.
എ) അങ്കണവാടിയുടെ പുറകുവശത്ത് കുറച്ച് മാറി 1 മീറ്റർ വീതിയും ഏകദേശം 2.5 മീറ്റർ നീളവും ഉള്ള സ്ഥലത്തിന് ചുറ്റുമായി 1.5 മീറ്റർ ഉയരത്തിൽ കല്ല് കെട്ടിയിട്ടുണ്ട്. എസ്റ്റിമേറ്റിലെ 3-ാം ഇനമായ വിയറിംഗ് കോട്ട് ചെയ്തിട്ടില്ല. മണ്ണ് ഫില്ലിംഗ് നടത്തിയിട്ടില്ല.
ബി) ഈ പ്രവൃത്തി ചെയ്തതുകൊണ്ട് അങ്കണവാടിയ്ക്ക് യാതൊരു പ്രയോജനവും ഇല്ല.
സി) ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകൾ പാസ്സാക്കിയിട്ടില്ല.
2) പ്രോജക്ട് നം. 68/23
പടിഞ്ഞാറ്റിൻകര അങ്കണവാടി നം. 88 സംരക്ഷണഭിത്തി നിർമ്മാണം

അടങ്കൽ- 300000 രൂപ ( മെയിന്റനൻസ് ഫണ്ട് റോഡിതരം )

ചെലവ്- 82130 രൂപ, ( ബിൽ നം. 14/22-23/19.9.22 )

അങ്കണവാടിയുടെ പുറകുവശം കല്ല് കെട്ടി മണ്ണ് ഫില്ലിംഗ് നടത്തി ഹാൻഡ് റെയിൽ പിടിപ്പിക്കുന്നതിനാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

എ) കല്ല് കെട്ട് നടത്തിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിലെ 6-ാം ഇനമായ വിയറിംഗ് കോട്ട്, 7-ാം ഇനമായ മണ്ണ് ഫില്ലിംഗ്, 8-ാം ഇനമായ ഹാൻഡ് റെയിൽ പിടിപ്പിക്കൽ എന്നിവ ചെയ്തിട്ടില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 32/13.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബാക്കി പണികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകതകൾ പരിഹരിച്ച് പ്രവൃത്തി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ രണ്ട് പ്രോജക്ടിനായി ആകെ ചെലവഴിച്ച 192406 (110276 + 82130 ) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ദീർഘകാലമായി ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതി ഗുണഭോക്താവായ ശ്രീ. രാജു ഡി., പുത്തൻവീട്ടിൽ എന്ന ഗുണഭോക്താവ് ദീർഘകാലമായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 29.07.2021 ൽ 40000/- രൂപ അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് തറ നിർമ്മാണം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ ഗഡു 160000/- രൂപ രണ്ടു തവണകളായി (01.08.22ൽ 100000/- രൂപയും, 22.08.22ൽ 60000/- രൂപയും) അനുവദിച്ചിട്ടുണ്ട്. 22.08.22 ൽ തുക കൈപ്പറ്റിയതിന് ശേഷം ടിയാൾ ഭവന നിർമ്മാണം നടത്തിയതായി കാണുന്നില്ല. ദീർഘകാലമായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/11.10.23ന് ലഭ്യമാക്കിയ മറുപടിയിൽ നടപടികൾ സ്വീകരിച്ചുവരുന്നതായും ഭവന നിർമ്മാണം ഉടൻ പുനരാരംഭിക്കും എന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 ഭവനപുനരുദ്ധാരണ പ്രോജക്ട് തുക അനുവദിച്ച കെട്ടിടത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച് സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റിൽ അപാകത.

വി.ഇ.ഒ. നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ് സി പി) എന്ന പ്രോജക്ട് (നമ്പർ 106/23) പ്രകാരം വികസന ഫണ്ട് എസ് സി പി വിഭാഗത്തിൽ നിന്നും 960644/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 100000/- രൂപ നൽകുവാനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പ്രോജക്ട് പ്രകാരം ആകെ 13 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ ഭവനപുനരുദ്ധാരണം പൂർത്തിയാക്കി 100000/- രൂപ കൈപ്പറ്റിയ ശ്രീ.റെജിമോൻ കെ. ആർ., കാക്കനാട്ട് ഒഴുകയിൽ, എന്ന ഗുണഭോക്താവിന്റെ ഫയൽ പരിശോധിച്ചതിൽ ഭവനപുനരുദ്ധാരണം നടത്തിയ വാർഡ് രണ്ടിലെ 303/B നമ്പർ കെട്ടിടത്തിന് മൂന്ന് വർഷത്തെ പഴക്കം ഉണ്ട് എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 13.12.22ലെ 5053101/165/2022 നമ്പർ സർട്ടിഫിക്കറ്റ് വ്യക്തമാക്കുന്നു. ഭവന നിർമ്മാണം പൂർത്തീകരിച്ച് ആറ് വർഷം കഴിഞ്ഞ വീടുകൾക്കേ ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കാവൂ. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/11.10.23ന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടം 2013 ലെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിൽ പരിശോധിച്ചതിൽ യോഗ്യതയുണ്ട് എന്ന് കണ്ടതിനാലാണ് നൽകിയത് എന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. എന്നാൽ നികുതി നിർണ്ണയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പഞ്ചായത്തിലെ അടിസ്ഥാന രേഖകൾ പരിശോധിച്ച് ഉറപ്പാക്കിയതിന് ശേഷം സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റിലെ അപാകത പരിഹരിക്കണമെങ്കിൽ അപേക്ഷകൻ സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ നൽകുകയാണ്

ചെയ്യേണ്ടിയിരുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിൽ പരിശോധിച്ച് ഇത്തരം സന്ദർഭങ്ങളിൽ തീരുമാനം എടുക്കുന്നത് ശരിയായ പ്രവണതയല്ല. നൽകുന്ന ഏതൊരു സർട്ടിഫിക്കറ്റും രേഖകൾ പരിശോധിച്ച് ഉറപ്പാക്കി നൽകുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

1-33 മരുന്ന് ലഭ്യമായിട്ടില്ല - 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് (നമ്പർ 21/23) പ്രകാരം റോഡിതരം ഫണ്ടിൽ നിന്നും 500000/- രൂപ (27/14.12.22) പിൻവലിച്ച് ഫാർമസ്യൂട്ടിക്കൽ കേരള ലിമിറ്റഡിൽ - ഔഷധിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. ഒടുക്കിയ തുകയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 ഒടുക്കിയ തുകയുടെ മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് (നമ്പർ 30/23) പ്രകാരം റോഡിതരം ഫണ്ടിൽ നിന്നും 200000/- രൂപ (ബിൽ നമ്പർ 1/06.12.2022) ചെലവഴിച്ചിട്ടുണ്ട്) പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ- ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ ഒടുക്കിയിരുന്നു. നാളിതുവരെ 100470/- രൂപയുടെ (ഇൻവോയ്സ് LF 75/28.07.23) മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 99530/- രൂപയുടെ (200000 - 100470) മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 99530/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 കന്നുകുട്ടി പരിപാലന പ്രോജക്കുകൾ നടപ്പായില്ല- ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

മുത്തോലി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ കന്നുകുട്ടി പരിപാലനത്തിനായി രണ്ട് പ്രോജക്കുകൾ ഏറ്റെടുത്തിരുന്നു. ടി രണ്ട് പ്രോജക്കുകളും തൻവർഷം നടപ്പാക്കാൻ സാധിച്ചിരുന്നില്ല. എങ്കിലും സുലേഖ ചെലവ് പത്രിക പ്രകാരം രണ്ട് പ്രോജക്കുകൾക്കും ചെലവ് രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നം. 81/23 ( കന്നുകുട്ടി പരിപാലനം )

അടങ്കൽ- 375000 രൂപ ( 162500- വികസന ഫണ്ട് + 25000 -തനത് ഫണ്ട് + 187500- ഗുണഭോക്തൃവിഹിതം )

ചെലവ്- 212500 രൂപ ( 25000 -തനത് ഫണ്ട് + 187500- ഗുണഭോക്തൃവിഹിതം )

2) പ്രോജക്ട് നം. 209/23 ( വനിതകൾക്ക് കന്നുകുട്ടി പരിപാലനം )

അടങ്കൽ- 500000 രൂപ ( 250000- വികസന ഫണ്ട് + 250000- ഗുണഭോക്തൃവിഹിതം )

ചെലവ്- 250000 രൂപ ( ഗുണഭോക്തൃവിഹിതം )

പ്രോജക്കുകൾ നടപ്പാക്കാതെ സുലേഖ ചെലവ് പത്രികയിൽ ചെലവ് രേകപ്പെടുത്തിയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 7/10.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തെറ്റ് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചു. നടപ്പിലാക്കിയ പ്രോജക്കുകളുടെ മാത്രം ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-36 പേവിഷബാധ നിയന്ത്രണം- വാക്സിനേഷൻ നൽകിയ നായകൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

പ്രോജക്ട് നം. 84/23

പേവിഷബാധ നിയന്ത്രണം

അടങ്കൽ- 30000 രൂപ ( തനത് ഫണ്ട് )

ചെലവ് - 28430 രൂപ ( ചെക്ക് നം. 9230731/ 1.3.23 )

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 286 നായകൾക്ക് വാക്സിനേഷൻ നൽകിയതായി കാണുന്നു. വാക്സിനേഷൻ നൽകിയ എല്ലാ നായകൾക്കും ലൈസൻസ് എടുത്തതായി കാണുന്നില്ല. 2022-23 വാർഷിക കണക്ക് പ്രകാരം ഡോഗ് ലൈസൻസ് ഫീ ഇനത്തിൽ 6040 രൂപ മാത്രമാണ് വരവുള്ളത്. അതായത് 120 നായകൾക്കുള്ള ലൈസൻസ് ഫീസാണ് വരവ് വന്നിട്ടുള്ളത്. വാക്സിനേഷൻ നൽകിയ എല്ലാ നായകൾക്കും ലൈസൻസ് എടുക്കാത്തത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 8/10.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ വരും വർഷങ്ങളിൽ വാക്സിനേഷൻ നൽകുന്ന എല്ലാ നായകൾക്കും ലൈസൻസ് എടുപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചു. എല്ലാ നായകൾക്കും ലൈസൻസ് എടുപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-37 വിനിയോഗ/പൂർത്തികരണ വിവരങ്ങൾ ലഭ്യമല്ല

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഫയലിൽ പ്രോജക്ടിന്റെ പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | ഒടുക്കിയ തുക | ബിൽ നമ്പർ തീയതി | തുക ഒടുക്കിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 78/23 വിവിധ വാർഡുകളിലെ പോസ്റ്റുകളിൽ മീറ്റർ സ്ഥാപിക്കൽ | 50000 തനത് ഫണ്ട് | 778045/ 8.2.23 | ഇലക്ട്രിക്കൽ സെക്ഷൻ പാല | - |
| 2 | 17/23 നാലാം വാർഡിൽ വിവിധ സ്ഥലത്ത് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 145000/- (ധന. ഗ്രാന്റ്) | XVFC/22-23 /P/89/ 29.03.23 | ഇലക്ട്രിക്കൽ സെക്ഷൻ പാല | |
| | ആകെ | 195000/- | | | |

വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 195000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക് പരിപാലനം കൂലി ചെലവ്- പ്രോജക്റ്റ് നടത്തിപ്പിൽ അപാകത.

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് പരിപാലനം കൂലി ചെലവ് എന്ന പ്രോജക്റ്റ് (നമ്പർ 147/23) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 132106/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിനായി ക്വട്ടേഷൻ (എ2- 03/22- 14.10.22) ക്ഷണിച്ചത് പ്രകാരം ലഭ്യമായ ക്വട്ടേഷനുകളിൽ കുറവ് (89 രൂപ) രേഖപ്പെടുത്തിയ കോയിക്കൽ ഇലക്ട്രിക്കൽസ് ചേർപ്പുങ്കൽ എന്ന സ്ഥാപനത്തെയാണ് അംഗീകരിച്ചത്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനത്തിന്റെ 27.03.23 തീയതിയിലെ B2B/54 നമ്പർ ബിൽ പ്രകാരം 487 തെരുവ് വിളക്കുകൾ നന്നാക്കിയതിന് തെരുവ് വിളക്ക് ഒന്നിന് 95 രൂപ നിരക്കിൽ 46265 രൂപ അനുവദിച്ചിട്ടുണ്ട്. തൻവർഷം അംഗീകരിച്ച 89 രൂപ നിരക്കിൽ അധികമായി തുക നൽകിയതുമൂലം ലൈറ്റ് ഒന്നിന് 6/- രൂപ പ്രകാരം 487 ലൈറ്റിന് 2922/- രൂപ അധികം അനുവദിച്ചിട്ടുണ്ട്.

2) സ്ഥാപനത്തിന്റെ 27.03.23 തീയതിയിലെ B2B/52 നമ്പർ ബിൽ പ്രകാരം 747 തെരുവ് വിളക്കുകൾ നന്നാക്കിയതിന് തെരുവ് വിളക്ക് ഒന്നിന് 255 രൂപ നിരക്കിലാണ് ബിൽ ഹാജരാക്കിയിരുന്നതെങ്കിലും 85841/- രൂപ മാത്രമാണ് തൻവർഷം കരാറുകാരന് അനുവദിച്ചത്. 747 തെരുവ് വിളക്കുകൾ നന്നാക്കിയതിന് കരാർ പ്രകാരം തെരുവ് വിളക്ക് ഒന്നിന് 89 രൂപ നിരക്കിൽ 66483/- രൂപയാണ് അനുവദിക്കാവുന്നത്. ഇത് പ്രകാരം പ്രസ്തുത ബില്ലിൽ 19358/- (85841 – 66483) രൂപ അധികം അനുവദിച്ചിട്ടുണ്ട്.

3) ഓരോ വാർഡിലെയും കേടായ തെരുവ് വിളക്കുകളുടെ കണക്ക് എടുത്ത് ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും കരാറുകാരനെ അറിയിക്കുകയും മെയിന്റനൻസ് നടത്തുകയുമാണ് ചെയ്യേണ്ടത്. എന്നാൽ കരാറുകാരൻ തന്നെ മെയിന്റനൻസ് നടത്തിയതായി അറിയിക്കുകയും ആയത് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

4) പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ (പേജ് 92) പ്രകാരം വിതരണം ചെയ്ത സാധനങ്ങളുടെ എണ്ണവും ആകെ മെയിന്റനൻസ് നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ ഇനങ്ങളിലായി 1145 എണ്ണം ഉപകരണങ്ങൾ സ്റ്റോക്ക് ഉണ്ടായിരുന്നു. ഇതിൽ 857 എണ്ണം സാധനങ്ങളാണ് കരാറുകാരന് കൈമാറിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കരാറുകാരൻ ആകെ 1234 (487+747) തെരുവ് വിളക്കുകൾ മെയിന്റനൻസ് ചെയ്തതിന്റെ തുക കൈപ്പറ്റിയിട്ടുണ്ട്. സ്റ്റോക്കിൽ ചേർത്തിട്ടുള്ള സാധനങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാധനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ് എന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/11.10.23) മറുപടി ലഭ്യമാക്കിയില്ല. സാധനങ്ങൾ വിതരണം ചെയ്തിട്ടുള്ളതും, മെയിന്റനൻസ് കരാർ ഏറ്റെടുത്തിട്ടുള്ളതും ഒരേ കരാറുകാരനാണ്. ഇതിനാൽ തന്നെ വാങ്ങിയ സാധനങ്ങൾ പഞ്ചായത്തിൽ എത്തിക്കാതെ കരാറുകാരൻ കൈവശം വച്ച് ഉപയോഗിക്കുകയാണ് ചെയ്തത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

എൽ ഇ ഡി ബൾബുകൾക്കും മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾക്കും പരമാവധി ഒരുവർഷം വരെയാണ് വാറണ്ടി ലഭിക്കുക. പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ആവശ്യകതാ നിർണ്ണയം നടത്താതെ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയിട്ടുള്ളതായി കണ്ടു. തൻവർഷം ഉപയോഗിക്കുന്നതിലും അധികമായി വാങ്ങുന്ന സാധനങ്ങളുടെ വാറണ്ടി സാധനങ്ങൾ ഉപയോഗിക്കുന്നതിന് മുൻപേ നഷ്ടപ്പെടുന്നു. 2022-23 സാമ്പത്തിക വർഷം ഉപയോഗിച്ച സാധനങ്ങൾ

ഇപ്രകാരം വാറണ്ടി നഷ്ടപ്പെട്ടവയാണ്. ആവശ്യകതാനിർണ്ണയം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം വാങ്ങലുകൾ നടത്തേണ്ടതും, വാങ്ങുന്ന സാധനങ്ങൾ പഞ്ചായത്തിൽ സ്റ്റോക്ക് ചെയ്ത് ആവശ്യത്തിനനുസരിച്ച് മാത്രം വിതരണം നടത്തേണ്ടതുമാണ്. കരാറുകാരന് ആകെ അനുവദിക്കാവുന്നത് 27.03.23 തീയതിയിലെ B2B/54 നമ്പർ ബിൽ പ്രകാരം 487 തെരുവ് വിളക്കുകൾ നന്നാക്കിയതിന് 43343/- രൂപയും 27.03.23 തീയതിയിലെ B2B/52 നമ്പർ ബിൽ പ്രകാരം 747 തെരുവ് വിളക്കുകൾ നന്നാക്കിയതിന് 66483/- രൂപയും ഉൾപ്പെടെ ആകെ 109826/- രൂപ മാത്രമാണ്. എന്നാൽ കരാറുകാരന് അനുവദിച്ചത് 132106/- രൂപയാണ്. കരാറുകാരന് അധികമായി അനുവദിച്ച 22280/- (132106- 109826) രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 30.06.2023 | 09.10.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 178/22-23 നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം | 43200 | 43200 | 0 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 24/22-23 പരിരക്ഷ പാലിയേറ്റീവ് | 169348 | 169348 | 0 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 107/22-23 ലൈഫ് ഭവന പദ്ധതി-ജനറൽ | 400000 | 400000 | 0 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 20/22-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 75000 | 75000 | 0 |

| | | | | |
|---|---|---|---|---|
| | ആകെ | 687548 | 687548 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 107/22-23 ലൈഫ് ഭവന പദ്ധതി-ജനറൽ | 1240000 | 1240000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 19/22-23 അങ്കണവാടി പോഷകാഹാര വിതരണം | 100000 | 100000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 20/22-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 100000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 97/22-23 ക്ഷീരകർഷകർക്ക് പാൽ വില ഇൻസെന്റീവ് | 315210 | 315210 | 0 |
| | ആകെ | 1755210 | 1755210 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് നൽകിയ തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | 17 /22-23 നാലാം വാർഡിൽ വിവിധ സ്ഥലത്ത് സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 145000/- | 0 | 145000/- |
| കെ എസ് ഇ ബി | 78/22-23 വിവിധ വാർഡുകളിൽ പോസ്റ്റുകളിൽ മീറ്റർ സ്ഥാപിക്കൽ | 50000/- | 0 | 50000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | ജി ഒ (എം.എസ്) 68/2018, 18.05.2018, ജി ഒ (എം.എസ്) 100/2018, 30.07.2018 | 300143 | - | 487913 | | -187770 |

. ലോൺ തുകയേക്കാൾ കൂടുതൽ തുക ജി ഒ പ്രോജക്ട് മുഖേന തിരിച്ചടച്ചിട്ടുണ്ട്. അധികം അടച്ച തുക പഞ്ചായത്തിലേയ്ക്ക് ലഭ്യമാക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | അനുബന്ധം 3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിതീകരണമില്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-5 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി – അപാകതകൾ | ,, |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) (റസീപ്റ്റ് & പേയ്മെൻറ് പത്രിക പ്രകാരം) | : | 70694525.43 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 88464052.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെൻറ് പത്രിക പ്രകാരം) | : | 35896721.00 |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 84267817.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 22280 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1234504 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (1-24) | -- | 22280 | ശ്രീ.രാജീവ് വി.കെ., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 247568 | ശ്രീമതി രമ്യ റ്റി.എൻ., അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ-ചാർജ്) |
| 1-30 | 192406 | ശ്രീമതി അശ്വതി അജിത്ത്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-33 | 500000 | ശ്രീ.രാജീവ് വി.കെ., സെക്രട്ടറി |
| 1-34 | 99530 | ഡോ.സ്മിത പി.ആർ., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-37 | 195000 | ശ്രീ.രാജീവ് വി.കെ., സെക്രട്ടറി |
| ആകെ | 1234504 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജീവ് വി.കെ., സെക്രട്ടറി | വിരമിച്ചു | ജയാ നിവാസ്, രാമപുരം ബസാർ പി.ഒ., കോട്ടയം - 686576 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ.എഫ്.കെ.പി.2/716 /97/7.10.97/ 6.1.98 | 5 |
| 1995-96 | എൽ.എഫ്.കെ.പി.2/1118/98/ 15.1.99 | 5 |
| 2000-01, 2001-02പ്ലാൻ | എൽ.എഫ്.കെ.പി.7/570/ അദാ/14(3)/ 26.11.14 | 2 |
| 2000-01 | എൽ.എഫ്.കെ.പി.7/1459/ 17/23.03.17 | 12 |
| 2001-02 | എൽ.എഫ്.കെ.പി.7/570 /അദാ/14(4) 26.11.14 | 3 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.കെ.പി.7/470 /05/9.9.05 | 17 |
| 2008-09 | എൽ.എഫ്.കെ.പി.7/1459(4)പി6/ 20.03.2017 | 3 |
| 2009-10 | എൽ.എഫ്.കെ.പി.7/1197/ 12/4.1.2013 | 4 |
| 2010-11 | എൽ.എഫ്.കെ.പി.7/19 /14/20.3.14 | 7 |
| 2014-15 | കെ.എസ്.എ-കെടിഎം - .പി7/അദാ2022/1800(4)/2022 20.08.2022 | 3 |
| 2016-17 | കെ.എസ്.എ- കെ.ടി.എം.പി7/145/22/ 03.05.2023 | 3 |
| 2017-18 | കെ.എസ്.എ-കെടിഎം - .പി7/അദാ2022/1800(6)/2022 20.08.2022 | 8 |
| 2018-19 | കെ.എസ്.എകെ.ടി.എം.പി7/327 /2023/ 24.06.2023 | 11 |
| 2019-20 | കെ.എസ്.എ.കെ.ടി.എം.പി7/ 496/22/ 12.09.2022 | 17 |
| 2020-21 | കെ.എസ്.എകെ.ടി.എം.പി7/ 2338/22/ 09.05.2023 | 18 |
| 2021-22 | കെ.എസ്.എകെ.ടി.എം.പി7/ 197/2023 / 03.2023 | 43 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mutholy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mutholy Grama Panchayat for the year 2022-2023

Date: 07/12/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Mutholy Grama Panchayat for the Year 2022-2023.

**1.Major Observations**

1) Documents for verification of Panchayath general fund not provided.

2) Asset Register is not kept up to date.

3) Asset data base not prepared in Panchayath.

**2.Other Observations**

1) Mandatory financial statements such as ratios, note on account and panchayath general fund are not

submitted for audit.

2) Net increase or decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Government/Other dues register not maintained to substantiate financial statements.

4) Depreciation calculation worksheet for assets is not provided.

5) Not providing adequate provision for doubtful debts.

6) Property Tax DCB does not match with Financial Statements.

7) Profession Tax and Licence registers are not maintained properly.

8) Central Finance Commission Grant (Tied Fund) is wrongly accounted in Central Finance Commission Grant (Basic Grant) head.

9) Details of balance amount in B4 Schedule in the head of Block and District panchayath shares are not provided for verification.

10)The deposit amount to KSEB is not accounted in the respective head.

DEPUTY DIRECTOR

KERALA STATE AUDIT DEPT.

DISTRICT AUDIT OFFICE, KOTTAYAM

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്